● നിവേദനം

# കോക്കകോള കമ്പനിയെ പുറത്താക്കുക

## ഇടതു മുന്നണി സംസ്ഥാന കമ്മിറ്റി മുമ്പാകെ പ്ലാച്ചിമട സമര പ്രവർത്തകർ സമർപ്പിക്കുന്ന നിവേദനത്തിന്റെ പ്രസക്തഭാഗങ്ങൾ

**കോക്കകോളയ്ക്കെതിരായ** രാഷ്ട്രീയ നിലപാടുകൾക്കും ഭരണനടപടികൾക്കും സാധൂകരണം നൽകുന്നതിന് താഴെപ്പറയുന്ന വസ്തുതകൾ പരിഗണിയ്ക്കണമെന്ന ഭ്യർത്ഥിക്കുന്നു.

● പ്ലാച്ചിമടയിൽ കോക്കകോള കമ്പനി മൂലമുണ്ടായ കുടിവെള്ള മലിനീകരണം, ജലശോഷണം, പരിസ്ഥിതിനാശം എന്നിവ അതീവ ഗുരുതരമാണെന്ന് വ്യക്തമാക്കുന്ന തെളിവുകൾ ഇതിനകം സർക്കാർ സ്ഥാപനങ്ങളും വിദഗ്ദ്ധ ഗവേഷണ സ്ഥാപനങ്ങളും കണ്ടെത്തിക്കഴിഞ്ഞിട്ടുണ്ട്. ഈ തെളിവുകൾ സൂക്ഷ്മ വിശകലനത്തിലൂടെ അവതരിപ്പിക്കപ്പെടുന്നതിലൂടെ കോക്കകോളയ്ക്കെതിരായ നിയമ വിചാരണാ നടപടികൾ ഫലപ്രാപ്തിയിലെത്തിക്കാനാകും.

● കോക്കകോള കമ്പനിയുടെ മൂലധന നിക്ഷേപം മൂലം പ്രതീക്ഷിച്ചതുപോലെ വ്യവസായ വികസനവും തൊഴിലവസര വർദ്ധനവും ഉണ്ടാകുകയല്ല ചെയ്തത്. മറിച്ച്, തദ്ദേശീയ സംരംഭങ്ങൾ തകർക്കപ്പെടുകയും തൊഴിലവസരങ്ങളിൽ കുറവുണ്ടാവുകയും ചെയ്തു. കുറഞ്ഞ മുതൽ മുടക്കിൽ വമ്പിച്ച പരസ്യ പിന്തുണയോടെ തദ്ദേശീയ സമ്പത്ത് കൊള്ളയടിക്കപ്പെടുകാണുണ്ടായത്.

● ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങളുടെ പരിഗണനയിൽ ഒരു സ്ഥാനവുമില്ലാത്ത കോളയുൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിലൂടെ കമ്പനികൾ വൻ ലാഭം കൊയ്യുമ്പോൾ മറുവശത്ത് അത് ജനങ്ങളുടെ ആരോഗ്യം തകർക്കുക കൂടി ചെയ്യുന്നുവെന്നത് പരിഗണിക്കപ്പെടേണ്ടതാണ്.

● കാഡ്മിയം, ലെഡ് തുടങ്ങിയ മാരക മാലിന്യങ്ങൾ നിർഗമജലത്തിലൂടെയും ഖരമാലിന്യ നിക്ഷേപത്തിലൂടെയും പുറത്തുവിട്ട്കോക്കകോള കമ്പനി സൃഷ്ടിച്ച വിപത്തുകൾ നീണ്ടുനിൽക്കുന്നതാണ്. ഇത്തരം പ്രത്യാഘാതങ്ങൾ ശാസ്ത്രീയമായ് തിട്ടപ്പെടുത്തി ജനങ്ങൾക്ക് മതിയായ നഷ്ടപരിഹാരം വാങ്ങിക്കൊടുക്കുന്നതിന് സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുകൾ കൂടിയേ തീരു.

● പുതുശ്ശേരി പഞ്ചായത്തിലെ പെപ്സി കോള കമ്പനിയ്ക്കെതിരായ കേസിൽ ഒരു വ്യവസായ മേഖലയിൽ നിയമ നടപടികൾ എടുക്കുന്നതിന് പഞ്ചായത്തുകൾക്കുള്ള അധികാരത്തെയാണ് സുപ്രീം കോടതി ചോദ്യം ചെയ്തത്. ഇത് സൂചിപ്പിക്കുന്നത് പ്ലാച്ചിമടയിലേതുപോലെ വ്യവസായമേഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിലായാലും ജലമലിനീകരണത്തിന്റെയും ജലചൂഷണത്തിന്റെയുംപ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിന് നിലവിലുള്ള ജല സംരക്ഷണ- മലിനീകരണ നിയന്ത്രണ നിയമങ്ങളിലും അധികാര വികേന്ദ്രീകരണം സംബന്ധിച്ച നിയമങ്ങളിലും ഉള്ള അപര്യാപ്തതകൾ അടിയന്തിരമായ് പരിഹരിക്കപ്പെടേതുണ്ടെന്നാണ്.

ഇക്കഴിഞ്ഞ ആഗസ്ത് 18 ന് പ്ലാച്ചിമടസമര സമിതിയുമായ് നടത്തിയ ചർച്ചയിൽ ബഹു. മുഖ്യമന്ത്രിയും ഈ നിലപാട് ഉയർത്തിപ്പിടിക്കുകയുണ്ടായ്. **പ്ലാച്ചിമടയിൽ നിന്ന് കോക്കകോള കമ്പനിയെ പുറത്താക്കുന്നതിനും നഷ്ടപരിഹാരം വാങ്ങിയെടുക്കുന്നതിനും സർക്കാർ ജനങ്ങൾക്കൊപ്പം നിന്ന് പ്രവർത്തിക്കും എന്നാണ് അദ്ദേഹം പ്രഖ്യാപിച്ചത്.** മുഖ്യമന്ത്രി നൽകിയ ഉറപ്പുകൾ പാലിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

1. കേരള മലിനീകരണ നിയന്ത്രണ ബോർഡ്, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്, കേരള ഭൂജലവകുപ്പ് കേന്ദ്ര ഭൂജല ബോർഡ്, കേരള ആരോഗ്യ വകുപ്പ്, സർഗം ലാബ് (ചെന്നൈ), ഹസാർഡസ് സെന്റർ, (ഡൽഹി), പീപ്പിൾസ് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, (ഡൽഹി), എക്സിറ്റർ യൂണിവേഴ്സിറ്റി (ലണ്ടൻ) തുടങ്ങിയ വിദഗ്ദ്ധ സ്ഥാപനങ്ങൾ സമാഹരിച്ച തെളിവുകൾ വിശകലനം ചെയ്ത് കോക്കകോളയ്ക്കെതിരായ നിയമവിചാരണ പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

2. 18.08.2007 ൽ വിളിച്ചുചേർത്ത ചർച്ചായോഗത്തിൽ മുഖ്യമന്ത്രി നൽകിയ ഉറപ്പുപ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യ വകുപ്പ്, പരിസ്ഥിതി വകുപ്പ്, ഭൂജല വകുപ്പ്, റവന്യൂ വകുപ്പ്, നിയമ വകുപ്പ് തുടങ്ങിയവയിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് പ്ലാച്ചിമട പ്രശ്നം കൈകാര്യം ചെയ്യുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതിന് നടപിടികൾ സ്വീകരിക്കുക. ഈ സമിതിയിൽ സമരസമിതിയും തദ്ദേശ ഭരണ സ്ഥാപനങ്ങളും നിർദ്ദേശിക്കുന്ന പ്രതിനിധികളെകൂടി ഉൾപ്പെടുത്തണം.

3. മലിനീകരണ നിയന്ത്രണ ബോർഡ് കൊക്കക്കോളയ്ക്കു നൽകിയ കാരണം കാണിക്കൽ നോട്ടീസിന്മേൽ അനന്തര നടപടികൾ ത്വരിതപ്പെടുത്തണം. മാരക വിഷമാലിന്യ നിയമ (Hazardous Waste Handling Rules) പ്രകാരം കോക്കകോള കമ്പനി ശിക്ഷിക്കപ്പെടണമെന്ന രീതിയിൽ കുറ്റമറ്റ നടപടികൾ ഉണ്ടാകുമെന്ന് ഉറപ്പുവരുത്തണം.

4. ഭൂജല വകുപ്പിന്റെ 2006 ലെ

പഠന റിപ്പോർട്ടിൽ കോക്കകോള കമ്പനി പുറത്തേയ്ക്കു വിട്ട മാലിന്യങ്ങൾ ഭൂഗർഭ ജലത്തിലൂടെ കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിക്കുന്നതായി സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇതെക്കുറിച്ച് കൂടുതൽ ശാസ്ത്രീയ പഠനങ്ങൾ നടത്തുന്നതിന് പരിസ്ഥിതി വകുപ്പിന്റെ ചുമതലയിൽ സംവിധാനമുണ്ടാക്കണം.

5. ഫാക്ടറി പ്രവർത്തനം നടത്താത്തതുകൊണ്ട് കൂടുതൽ നടപടികളോ പഠനങ്ങളോ ആവശ്യമില്ലെന്ന ഭൂജല അതോറിറ്റി അംഗങ്ങളുടെ ശുപാർശ യാതൊരു വിധ വിദഗ്ദ്ധ പഠനത്തിന്റെയും പിൻബലമില്ലാത്തതും നിയമപരവും രാഷ്ട്രീയവുമായി പരമാബദ്ധവുമാണ്. ഈ ശുപാർശ തള്ളിക്കളഞ്ഞ് ഭൂജല മലിനീകരണം നടത്തിയതിന്റെ പേരിൽ കോക്കകോളയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കണം.

6. പ്ളാച്ചിമട ഉൾക്കൊള്ളുന്ന ചിറ്റൂർ താലൂക്ക് പ്രദേശം അമിത ജല ചൂഷിത (Over exploited) മായ് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതാണ്. ഈ പ്രദേശത്തുനിന്നും പ്രതിദിനം 5 ലക്ഷം ലിറ്റർ ജലം കോക്കകോളയ്ക്ക് ഊറ്റിയെടുക്കാമെന്ന റിപ്പോർട്ടാണ് ജലവിഭവ പഠന കേന്ദ്ര (CWRDM) ത്തിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട സമിതി ഹൈക്കോടതിക്ക് നൽകിയത്. സമരസമിതിയുടെയും പഞ്ചായത്തിന്റെയും പ്രതിനിധികളെ ഒഴിവാക്കിയും അതേ സമയം കമ്പനി പ്രതിനിധി എന്ന നിലയിൽ CWRDM മുൻമേധാവിയെ ഉൾക്കൊള്ളിച്ചും രൂപീകരിക്കപ്പെട്ട ഈ സമിതി നൽകിയ സ്ഥിതി വിവര കണക്കുകളിലെ വൈരുധ്യങ്ങൾ ഭൂജല വിദഗ്ദ്ധർ തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ ഒരു വിമർശാവലോകനത്തിലൂടെ തന്നെ കോക്കകോളയ്ക്ക് പ്രവർത്തിക്കുന്നതിന് ആവശ്യമായ ജലം പ്ളാച്ചിമടയിൽ ലഭ്യമല്ലെന്നും കമ്പനി അമിതമായ് ജല ചൂഷണം നടത്തിയെന്നും സ്ഥാപിക്കാനാകും. ഇതിനാവശ്യമായ വിദഗ്ദ ജ്ഞാനം ഉള്ളവരെ നിയോഗിച്ച് നിയമവിചാരണാ നടപടികളിൽ സർക്കാർ ഫലപ്രദമായി ഇടപെടണം.

7. പ്ളാച്ചിമട കോക്കകോള ഫാക്ടറിയുടെ ഇരു വശങ്ങളിലുമായി സ്ഥിതിചെയ്യുന്ന രണ്ട് കോളനികളിൽ താമസിക്കുന്ന ആദിവാസികളും ദളിതരും അടങ്ങുന്ന പാവപ്പെട്ട മനുഷ്യരുടെ ജീവിതമാണ് മുൻ കൂട്ടിയറിഞ്ഞുകൊണ്ടുള്ള ചതി പ്രയോഗത്തിലൂടെ കോള കമ്പനി പ്രതിസന്ധിയിലാക്കിയത്. പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള പീഢനം തടയൽ നിയമപ്രകാരം കോളക്കമ്പനിയ്ക്കെതിരെ ക്രിമിനൽ കുറ്റവിചാരണ നടത്തണം.



വി.എസ്. അച്യുതാനന്ദൻ പ്രതിപക്ഷ നേതാവായിരുന്നപ്പോൾ കോളയ്ക്കെതിരെ ഡി.വൈ.എഫ്.ഐ. തീർത്ത മനുഷ്യചങ്ങലയിൽ പങ്കെടുക്കുന്നു.

8. തദ്ദേശീയ ജനതയ്ക്കുണ്ടായ നാനാവിധമായ കഷ്ടപ്പാടുകൾക്കും പരിസ്ഥിതി - ആരോഗ്യ നാശത്തിനും മതിയായ നഷ്ടപരിഹാരം നൽകാൻ കമ്പനി ബാധ്യസ്ഥമാണ്. ഇത് വസ്തുതാപരമായ് തിട്ടപ്പെടുത്തുന്നതിനുള്ള വിദഗ്ദ്ധ ജ്ഞാനം തദ്ദേശീയ ജനതയ്ക്കില്ലെന്നതിനാൽ സർക്കാർ മുൻകൈയെടുത്ത് ഇതിനുള്ള സംവിധാനം ഉണ്ടാക്കണം.

9. നിയമ വിചാരണാ നടപടികൾ പൂർത്തിയാകുന്നതുവരെ തദ്ദേശീയ ജനതയ്ക്ക് ഇടക്കാല നഷ്ട പരിഹാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

10. ചിറ്റൂർ പുഴയുടെ തീരത്ത് ഖര മാലിന്യങ്ങൾ നിക്ഷേപിച്ച കോക്കകോളയുടെ നടപടിക്കെതിരെ റവന്യൂ വകുപ്പ് നടപടി സ്വീകരിക്കണം. തൂതപുഴ മലിനീകരിച്ചതിനെതിരെ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി ഇക്കാര്യത്തിൽ മാതൃകയാക്കണം.

11. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസുകളിൽ വാദം നടത്തുന്നതിന് പ്രഗത്ഭരായ അഭിഭാഷകരെ നിയോഗിക്കുമെന്ന വാഗ്ദാനം പലിക്കണം. ഇതുസംബന്ധിച്ച് സമരസമിതിയുടെ അഭിപ്രായങ്ങൾ കൂടി പരിഗണിക്കണം.

12. പുതുശ്ശേരി പഞ്ചായത്തിമ്പെപ്സിക്കെതിരായ കേസുകൾ നടത്തുന്തിന് അഞ്ച് ലക്ഷം രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. ഇതുപോലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിനും കേസുകൾ നടത്തുന്നതിന് ആവശ്യമായ ധനസഹായം നൽകണം.

13. പ്ളാച്ചിമട അനുഭവത്തിന്റെ പശ്ചാത്തലത്തിൽ മലിനീകരണ നിയന്ത്രണ നിയമങ്ങളിലും, ഭൂജല വിനിയോഗ നിയമങ്ങളിലും അധികാര വികേന്ദ്രീകരണ തത്വങ്ങളിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നിയമനിർമ്മാണ നടപടികൾക്ക് തുടക്കം കുറിയ്ക്കണം. പ്ലാച്ചിമട അനുഭവം ചൂണ്ടിക്കാട്ടി കേന്ദ്രപ്ലാനിംഗ് കമ്മീഷൻ നിയോഗിച്ച പഠന സംഘം എത്തിച്ചേർന്ന നിഗമന പ്രകാരം ജലവിഭവ സംരക്ഷണം കൂടുതൽ വികേന്ദ്രീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

14. കോളവിരുദ്ധ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ യുവജനതാദൾ, യുവജനവേദി പ്രവർത്തകരുടെ പേരിലുള്ള കേസുകൾ പിൻവലിക്കണം.

*പ്ലാച്ചിമട സമരസമിതി,*
*കന്നിമാരി പി.ഒ., പാലക്കാട്*